# മഹാത്മാഗാന്ധി സർവകലാശാല

എ.ഡി.ബി3/എസ്സ്.ഒ/442/2017/ഭരണം 23.12.2017

## പരിപത്രം

വിഷയം:സർവകലാശാല ഓഫീസ് മുറികളിൽ എലിശല്യം നിയന്ത്രിക്കുന്നത് സംബന്ധിച്ച്:
സൂചന:02.09.2017ലെ എ.ഡി.ബി3/എസ്സ്.ഒ/006/2017/ഭരണം നം പരിപത്രം

സർവകലാശാല ഓഫീസ് മുറികളിലെ എലി ശല്യം സംബന്ധിച്ച് നിരന്തരം പരാതികൾ ലഭിച്ചു കൊണ്ടിരിക്കുന്നു. എയർ കണ്ടീഷനറുകൾ, അലമാരകൾ, സീലിംഗ് എന്നിവിടങ്ങളിൽ എലികൾ ചത്ത് ചീയുന്നത് പല വിധ പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഓഫീസ് മുറികളിൽ ഭക്ഷണാവശിഷ്ടങ്ങൾ കൈകാര്യം ചെയ്യുന്നതിലെ അശാസ്ത്രീയതയും അലംഭാവവും ഈ പ്രശ്നത്തിന് കാരണമാകുന്നുണ്ട് എന്നതിനാൽ ഈ കാര്യത്തിൽ പാലിക്കേണ്ട ചില നിർദ്ദേശങ്ങൾ സൂചനയിലെ പരിപത്രത്തിലൂടെ നൽകിയിരുന്നു. എന്നാൽ പൊതുവെ അർഹിക്കുന്ന പ്രാധാന്യത്തോടെ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല .അതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാവരും കർശനമായും പാലിക്കേ താ ണ്.

**(1)ഓഫീസ് മുറികളിലെ വേസ്റ്റ് ബിന്നുകളിൽ പഴങ്ങൾ/ബേക്കറി സാധനങ്ങളുടെ അവശിഷ്ടങ്ങൾ,ടെട്രാ പാക്കുകൾ തുടങ്ങിയവ നിക്ഷേപിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുക.**

**(2)ഓഫീസ് മുറികളിൽ വച്ച് സദ്യകൾ,സൽക്കാരങ്ങൾ എന്നിവ നടത്തുന്നത് ഒഴിവാക്കുക.**

**(3)ഉച്ച ഭക്ഷണം കഴിവതും ടിഫിൻ ബോക്സുകളിൽ മാത്രം കൊണ്ടു വരിക.**

**(4) ഓഫീസ് വിട്ടു പോകുമ്പോൾ മേശകൾ,അലമാരകൾ എന്നിവ പൂർണ്ണമായും അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക**

(ഒപ്പ്)
**രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന**
**ജോയിന്റ് രജിസ്ട്രാർ**

പകർപ്പ്:-
1.എല്ലാ സെക്ഷനുകൾക്കും,ഡിപ്പാർട്ട്മെൻറുകൾക്കും സ്കൂളുകൾക്കും
2.വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലറുടെപി.എസ്
3.രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പി.എമാർ
4.ജെ.ആർ/ ഡീ.ആർ /ഏ.ആർമാർ
5.ജോയിൻറ് ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ്,എം.ജി.സർവകലാശാല
6.പി.ആർ.ഒ. 7.എല്ലാ സംഘടനാ ഓഫീസുകൾ 8.സർവ്വകലാശാല എഞ്ചിനീയർ ഇൻ ചാർജ്ജ്
9.സെക്യൂരിറ്റി ഓഫീസർ 10. എസ്.ബി.ഐ /പോസ്റ്റ് ഓഫീസ്
11.ഹോസ്റ്റൽ വാർഡൻ/മേട്രൺ 12.സെക്രട്ടറി , ക്യാമ്പസ് റസിഡൻറ്സ് അസ്സോസിയേഷൻ
12.നോട്ടീസ് ബോർഡ്
13.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

*ഫയൽ നം. എ.ഡി.ബി.3/എസ്.ഒ./006/2017/ഭരണം*

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ